# നീരയെ തട്ടിയെടുക്കാൻ ശ്രമിക്കുന്നു

മൂന്നുവർഷമായി നാളികേര വികസനബോർഡും ബോർഡ് തുടക്കം കുറിച്ച നാളികേര ഉത്പാദക സംഘങ്ങളും ഫെഡറേഷനുകളും ഒരു വലിയ സ്വപ്നം സഫലീകരിക്കാനുള്ള ശ്രമത്തിലായിരുന്നു.

നാളികേര വികസന ബോർഡ് സ്വന്തമായി സ്ഥാപിച്ച സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെയും എസ്എംഎസ് എന്ന ഗവേഷണ സ്ഥാപനവുമായി നാളികേര ബോർഡ് ഒത്തുചേർന്നു നടത്തിയ ഗവേഷണങ്ങളുടെ ഫലമായിട്ടാണ് നീര ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തത്. അടുത്ത പടിയായി നീര വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും നാളികേര ഉത്പാദക കമ്പനികൾ മുഖേന സംവിധാനമൊരുക്കി. ചില നാളികേര ഉത്പാദക കമ്പനികൾ വ്യാവസായിക ഉത്പാദനവും വിപണനവും തുടങ്ങിക്കഴിഞ്ഞു.



കേരള സംസ്ഥാനത്ത് ആകെ പതിനായിരത്തോളം നാളികേര ഉത്പാദക സംഘങ്ങളുണ്ട്. അതിൽ 5200 സംഘങ്ങൾ നാളികേര ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ആകെയുള്ള ഉത്പാദക സംഘങ്ങളിൽ ആറുലക്ഷത്തിൽ കുറയാതെ കർഷക കുടുംബങ്ങളും 25 ലക്ഷത്തോളം കർഷകരും ഉൾക്കൊള്ളുന്നതാണ് കർഷകരുടെ ബൃഹത്തായ ഈ കൂട്ടായ്മ. ഈ ആറുലക്ഷം കുടുംബങ്ങളുടെയും 25 ലക്ഷം കർഷകരുടെയും സാമ്പത്തികോന്നമനത്തിന്റെ അടിത്തറയായി നീരയുടെ ഉത്പാദനവും വിപണനവും മാറിക്കഴിഞ്ഞു. അങ്ങനെയിരിക്കെയാണ് ചത്തു കിടക്കുന്ന കേരള നാളികേര കോർപറേഷനെ ജീവിപ്പിച്ച് സംസ്ഥാന സർക്കാർ നീരയ്ക്കുവേണ്ടി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന 15 കോടി രൂപ തട്ടിയെടുക്കാൻ സംസ്ഥാന കൃഷിമന്ത്രിയും ചില തല്പര കക്ഷികളും ശ്രമം തുടങ്ങിയിരിക്കുന്നത്.

കേരളം കണ്ടതിലേക്കു ഏറ്റവും ശക്തമായ കർഷക കൂട്ടായ്മയാണ് നാളികേര ഉത്പാദക സംഘങ്ങളും അനുബന്ധങ്ങളായ പ്രസ്ഥാനങ്ങളും. ആ കൂട്ടായ്മയുടെ താത്പര്യങ്ങൾക്കു ഹാനികരമായ, കടയ്ക്കൽ കത്തിവയ്ക്കുന്ന നടപടികളുമായി മുന്നോട്ടു പോയാൽ പണ്ടു കരിമ്പുകർഷകരുടെ നേതാവായിരുന്ന കൻഷിറാം, പാർലമെന്റ് സ്ട്രീറ്റിൽ അനേകലക്ഷം കരിമ്പു കർഷകരെ അണിനിരത്തി പ്രകടനം നടത്തി ഭരണാധികാരികളെ വിറപ്പിച്ചതുപോലെ നാളികേര കർഷകരുടെ അതിശക്തമായ സംഘടന ഭരണസ്തംഭനം ഉണ്ടാക്കത്തക്ക വിധത്തിലുള്ള നടപടികളുമായി രംഗത്തുവരേണ്ടിവരും. അതിനു കൃഷിമന്ത്രിയും കൂട്ടരും കളമൊരുക്കാതിരുന്നാൽ എല്ലാവർക്കും നല്ലത്.

അഡ്വ. ജോർജ് തോമസ്,
(പ്രസിഡന്റ് ഭരണിക്കാവ് പഞ്ചായത്ത് നാളികേര ഉത്പാദന സംഘം ഫെഡറേഷൻ)